HLM-0098

The Heavenly Light Ministry

പൊന്നേശു തമ്പുരാൻ നല്ലോരു രക്ഷകൻ
എന്നെ സ്നേഹിച്ചു തൻ ജീവൻ വച്ചു

1. സ്വർഗ്ഗസിംഹാസനം താതൻെറ മാർവ്വതും
ദൂതന്മാർ സേവയും വിട്ടെൻപേർക്കായ്
ദാസനെപ്പോലവൻ ജീവിച്ചു പാപിയെൻ
ശാപം ശിരസ്സതിലേറ്റിടുവാൻ

2. തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കു തകരുന്നെൻ-
കണ്ണു നിറയുന്നെൻ രക്ഷകനേ-

3. എന്തൊരു സ്നേഹമീ സാധുവെ ഓർത്തു നീ
സന്താപസാഗരം തന്നിൽ വീണു
എന്നെ വിളിച്ചു നീ എന്നെ എടുത്തു
നിന്നോമനപ്പൈതലായ് തീർക്കേണമേ!

4. പാപം പെരുകിയ സ്ഥാനത്തു കൃപയും
ഏറ്റം പെരുകിയതാശ്ചര്യമേ!
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൻ പുത്രൻെറ രാജ്യത്തിലായ്

5. ഭൂലോക മായയിൽ മോഹം പതിച്ചെൻെറ
കാലം ഞാൻ പാഴിൽ കളഞ്ഞീടായ്‌വാൻ
സ്വർല്ലോക രാജ്യത്തിൽ തങ്കക്കിരീടത്തി-
ലുല്ലാസമേകണേ പൊന്നേശുവേ!

6. പാപം ചെയ്യാതെന്നെ കാവൽ ചെയ്തീടുവാൻ
സർവ്വേശാ! തൃക്കയ്യിലേല്പിക്കുന്നേൻ
രാപ്പകൽ നീയെന്നെ വീഴ്ചയിൽ നിന്നെൻെറ
സ്വപ്നത്തിലും കൂടെ കാക്കേണമേ

7. കർത്താവു വേഗത്തിൽ മേഘങ്ങളിൽ കോടി
ദൂതന്മാരാർപ്പുമായ് വന്നീടുമ്പോൾ
എന്നിൽ കനിഞ്ഞെന്നെ മാർവ്വോടണച്ചെൻെറ
സങ്കടം തീർക്കണം രക്ഷകനേ!